// മഹാത്മാ ഗാന്ധി സർവ്വകലാശാല
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ:0481-2733512

# മഹാത്മാ ഗാന്ധി സർവ്വകലാശാല

## വാർത്താക്കുറിപ്പ്

**2023 സെപ്റ്റംബർ 13**

---

## മാൽക്കം ആദിശേഷയ്യ ചെയർ; പ്രഭാഷണ പരമ്പരയ്ക്ക് തുടക്കമായി

മഹാത്മാ ഗാന്ധി സർവകലാശാലയിലെ കെ.എൻ. രാജ് സ്കൂൾ ഓഫ് ഇക്കണോമിക്സിൽ മാൽക്കം എസ്. ആദിശേഷയ്യയുടെ പേരിലുള്ള ചെയറിന്റെ ഈ വർഷത്തെ പ്രഭാഷണ പരമ്പരയ്ക്ക് തുടക്കമായി. സാമ്പത്തിക ശാസ്ത്രജ്ഞനും മാൽക്കം ആദിശേഷയ്യ അവാർഡ് ജേതാവുമായ ചെയർ പ്രഫസർ സി.പി. ചന്ദ്രശേഖർ ആദ്യ പ്രഭാഷണം നടത്തി.

കോവിഡ്-19 മഹാമാരിയും റഷ്യ-യുക്രെയ്ൻ യുദ്ധവും മൂന്നാം ലോക രാഷ്ട്രങ്ങളുടെ പൊതു കടം ഭീമമായി വർധിക്കുന്നതിന് കാരണമായതായി അദ്ദേഹം ചൂണ്ടിക്കാട്ടി. 2000 മുതൽ 2019 വരെയുള്ള കാലഘട്ടത്തിൽ 13 രാജ്യങ്ങളിലായി കടബാധ്യതയുമായി ബന്ധപ്പെട്ട 19 പ്രതിസന്ധികളുണ്ടായി. എന്നാൽ കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ മാത്രം ഇത്തരം 14 പ്രതിസന്ധികൾ നേരിട്ടു. ഇവയിൽ ഏറെയും താഴ്ന്ന വരുമാനമുള്ള രാജ്യങ്ങളിലായിരുന്നു-പ്രഫ. ചന്ദ്രശേഖർ പറഞ്ഞു.

കെ.എൻ. രാജ് സ്കൂൾ ഓഫ് ഇക്കണോമിക്സ് ഡയറക്ടർ പ്രഫ. ജോണി ജോൺസൺ അധ്യക്ഷത വഹിച്ചു. ചർച്ചയിൽ ഡോക്ടർ വി. മാത്യു കുര്യൻ, ഡോ. എസ്. മുരളീധരൻ, ഡോ. ലീന വിദ്യാർഥികളായ രാജിമോൾ റെജി, ടീന മരിയ സാജു, ആതിര എസ് നായർ എന്നിവർ പങ്കെടുത്തു.

(പി.ആർ.ഒ/39/1100/2023)

## ബിരുദ-ബിരുദാനന്തര പ്രവേശനം; സ്പെഷ്യൽ അലോട്മെൻറിന് രജിസ്റ്റർ ചെയ്യാം

എം.ജി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ ബിരുദ, ബിരുദാനന്തര കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് റാങ്ക് ലിസ്റ്റ് മുഖേന പ്രവേശനത്തിനുള്ള സ്പെഷ്യൽ അലോട്ട്മെൻറിൻറെ ഓപ്ഷൻ/ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു.

സെപ്റ്റംബർ 15ന് ഉച്ചകഴിഞ്ഞ് രണ്ടുവരെ രജിസ്ട്രേഷൻ നടത്താം. എയ്ഡഡ് കോളജുകളിലെ കമ്യൂണിറ്റി മെരിറ്റ് ക്വാട്ടാ സീറ്റുകളിലേക്കും ഓപ്ഷൻ രജിസ്റ്റർ ചെയ്യാം. നിലവിൽ പ്രവേശനമെടുത്തവർക്ക് സ്പെഷ്യൽ അലോട്ട്മെൻറിന് അപേക്ഷിക്കാനാവില്ല.

സ്പെഷ്യൽ അലോട്ട്മെൻറ് ലിസ്റ്റ് സെപ്റ്റംബർ 16ന് പ്രസിദ്ധീകരിക്കും. പ്രവേശന നടപടികൾ സെപ്റ്റംബർ 18ന് അവസാനിക്കും.

(പി.ആർ.ഒ/39/1101/2023)

## ബി.എഡ് ഫൈനൽ അലോട്ട്മെൻറ് ലിസ്റ്റ്

എം.ജി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്യപ്പെട്ട ടീച്ചേഴ്സ് ട്രെയിനിംഗ് കേന്ദ്രങ്ങളിൽ ഏകജാലക സംവിധാനം വഴിയുള്ള ബി.എഡ് പ്രവേശനത്തിൻറെ മൂന്നാം ഘട്ട ഫൈനൽ അലോട്ട്മെൻറ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

ലിസ്റ്റിലുള്ളവർ കോളജുകളുമായി ബന്ധപ്പെട്ട് സെപ്റ്റംബർ 15നു വൈകുന്നേരം നാലിനു മുൻപ് പ്രവേശനം നേടണം.

(പി.ആർ.ഒ/39/1102/2023)

## ഗ്രൗണ്ട്സ് മാൻ/മാർക്കർ; കരാർ നിയമനം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസിൽ ഗ്രൗണ്ട്സ് മാൻ/മാർക്കർ തസ്തികയിൽ ഒരൊഴിവിലേക്ക് താൽക്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ഒരു വർഷത്തേക്കാണ് കരാർ നിയമനം.

ഏഴാം ക്ലാസ്സ് വിജയം അല്ലെങ്കിൽ തതുല്യ യോഗ്യതയും റൈഡ് ഓൺ മൂവർ പ്രവർത്തിപ്പിക്കുന്നതിൽ കുറഞ്ഞത് അഞ്ചു വർഷത്തെ പരിചയവും ഉണ്ടായിരിക്കണം.

വേതനം പ്രതിദിനം 645 രൂപ(പ്രതിമാസം പരമാവധി 20000 രൂപ). 2023 ജനുവരി ഒന്നിന് 50 വയസ്സ് കവിയരുത്.

സർവകലാശാലാ വെബ്സൈറ്റിൽനിന്നും അപേക്ഷാ ഫോറം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് രജിസ്ട്രാർ, മഹാത്മാ ഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം - 686560 എന്ന വിലാസത്തിലേക്ക് അയയ്ക്കണം. സെപ്റ്റംബർ 25നു വൈകുന്നേരം അഞ്ചു വരെ അപേക്ഷകൾ സ്വീകരിക്കും. പ്രായം, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും അപേക്ഷയോടൊപ്പം സമർപ്പിക്കണം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1103/2023)

## എം.ജി; സ്പോട്ട് അഡ്മിഷൻ

സർവകലാശാലയുടെ ഇൻറർ സ്കൂൾ സെൻറർ ആയ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാൻറ് സയൻസ് ടെക്നോളജിയിൽ(എൻ.ഐ.പി.എസ്.ടി) എം.എസ്.സി ബോട്ടണി ആൻറ് പ്ലാൻറ് സയൻസ് പ്രോഗ്രാമികൽ ജനറൽ വിഭാഗത്തിൽ രണ്ട് സീറ്റുകൾ ഒഴിവുണ്ട്.

ക്യാറ്റ് പ്രോസ്പെക്ടസ് പ്രകാരം യോഗ്യതയുള്ളവർ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം നാളെ(സെപ്റ്റംബർ 15) രാവിലെ 11ന് കൺവെർജൻസ് അക്കദമിയ കോംപ്ലക ്സിലെ എൻ.ഐ.പി.എസ്.ടി ഓഫീസിൽ(റൂം നമ്പർ 505) എത്തണം. ഫോൺ: 9656731387.

......................................

സ്കൂൾ ഓഫ് ബയോസയൻസസിൽ എം.എസ്.സി ബയോടെക്നോളജി ആൻറ് ബയോഫിസിക്സ് കോഴുസുകളിൽ പട്ടിക ജാതി സംവരണ വിഭാഗത്തിൽ ഒരു സീറ്റ് ഒഴിവുണ്ട്.

ക്യാറ്റ് പ്രോസ്പെക്ടസ് പ്രകാരം യോഗ്യതയുള്ള എസ്.സി വിദ്യാർഥികൾ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം നാളെ(സെപ്റ്റംബർ 15) രാവിലെ 11ന് സ്കൂൾ ഓഫീസിൽ ഹാജരാകണം. ഫോൺ: 9645414812

......................................

സ്കൂൾ ഓഫ് മാത്തമാറ്റിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സിൽ എം.എസ്.സി മാത്തമാറ്റിക്സ് 2023 ബാച്ചിൽ സീറ്റുകൾ ഒഴിവുണ്ട്. യോഗ്യരായവർ അസൽ രേഖകളുമായി സെപ്റ്റംബർ 18ന് രാവിലെ 10.30ന് വകുപ്പ് ഓഫീസിൽ ഹാജരാകണം. ഫോൺ: 8304870247, ഇ-മെയിൽ: sms@mgu.ac.in

(പി.ആർ.ഒ/39/1104/2023)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

അഞ്ചാം സെമസ്റ്റർ ഇൻറഗ്രേറ്റഡ് എം.എസ്.സി ഇൻ ബേസിക് സയൻസസ് - (സ്റ്റാറ്റിസ്റ്റിക്സ്,കെമിസ്ട്രി), ഇൻറഗ്രേറ്റഡ് എം.എസ്.സി ഇൻ കമ്പ്യൂട്ടർ സയൻസ് - ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ആൻറ് മെഷീൻ ലേണിംഗ്, ഇൻറഗ്രേറ്റഡ് എം.എ ഇൻ ലാംഗ്വേജ് - ഇംഗ്ലീഷ് (2020 അഡ്മിഷൻ റഗുലർ) പരീക്ഷകൾക്ക് സെപ്റ്റംബർ 20 വരെ അപേക്ഷിക്കാം.

സെപ്റ്റംബർ 21ന് പിഴയോടു കൂടിയും സെപ്റ്റംബർ 23 വരെ സൂപ്പർഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. അപേക്ഷിക്കേണ്ട രീതി, ഫീസ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ(www.mgu.ac.in)

(പി.ആർ.ഒ/39/1105/2023)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ ബി.വോക് ലോജിസ്റ്റിക് മാനേജ്മെൻറ്(2022 അഡ്മിഷൻ റഗുലർ, 2020,2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2018-2021 അഡ്മിഷൻ റീഅപ്പിയറൻസ് - ജൂലൈ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ 18ന് ആരംഭിക്കും. വിശദ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

......................

നാലാം സെമസ്റ്റർ എം.എൽഐബി.ഐ.എസ്സി(2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ സപ്ലിമെൻററി - ഓഗസ്റ്റ് 2023) പരീക്ഷയുടെ പ്രാക്ടിക്കൽ,വൈവ പരീക്ഷകൾ സെപ്റ്റംബർ 21,23 തീയതികളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

........................

ഏഴാം സെമസ്റ്റർ ഇൻറഗ്രേറ്റഡ് എം.സി.എ(2019 അഡ്മിഷൻ റഗുലർ, 2017,2018 അഡ്മിഷനുകൾ സപ്ലിമെൻററി), ഡി.ഡി.എം.സി.എ(2015,2016 അഡ്മിഷനുകൾ സപ്ലിമെൻററി, 2014 അഡ്മിഷൻ മെഴ്സി ചാൻസ് - ജൂലൈ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ ആറു മുതൽ 13 വരെ അതത് കോളജുകളിൽ നടക്കും. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1106/2023)

## പരീക്ഷാ ഫലം

മൂന്നും നാലും സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ എം.എ ഹിന്ദി(പി.ജി.സി.എസ്.എസ് - 2014-2015 അഡ്മിഷനുകൾ മെഴ്സി ചാൻസ്, 2016-2018 അഡ്മിഷനുകൾ സപ്ലിമെൻററി - മാർച്ച് 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് സെപ്റ്റംബർ 27 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

...........................

കഴിഞ്ഞ ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി ആക്ച്യൂരിയൽ സയൻസ്(റഗുലർ), എം.എസ്.സി എൻവയോൺമെൻറൽ സയൻസ് ആൻറ് മാനേജ്മെൻറ്(റഗുലർ, സപ്ലിമെൻററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഫീസ് അടച്ച് സെപ്റ്റംബർ 28 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1107/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**